# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 210 – 04/05/2017 – ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ . ജോർജ്. എം. തോമസ്
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ഐ. ബി. സതീഷ്
ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ.

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | നിലവിലുണ്ടായിരുന്ന അറുപത്തിയാറ് കേന്ദ്രാവിഷ്കൃത പദ്ധതികൾ രണ്ട് ഐച്ഛിക പദ്ധതികൾ ഉൾപ്പെടെ ഇരുപത്തിയെട്ട് എണ്ണമാക്കി ചുരുക്കിയ കേന്ദ്ര സർക്കാർ നടപടി, ഇത്തരത്തിൽ ഒഴിവാക്കിയ സുപ്രധാന പദ്ധതികളുടെ സംസ്ഥാനതല നടത്തിപ്പിനെ എങ്ങനെ ബാധിക്കാനിടയുണ്ട്; | കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽ നിന്നും ഇരുപത്തിയെട്ട് എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപത് എണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും മാറ്റുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അറുപത് ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്. |
| ബി | ഒഴിവാക്കപ്പെട്ട പദ്ധതികളിൽ മുഖ്യമായവ ഏതൊക്കെയെന്ന് അറിയിക്കാമോ; | <u>ഗ്രാമവികസനം</u><br>1.മൾബറി കൃഷി വികസന പദ്ധതി<br>2. രാജീവ് ഗാന്ധി ശാക്തീകരൺ അഭിയാൻ (RGPSA)<br><u>പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി</u><br>3. പിന്നോക്ക മേഖല സഹായ നിധി (BRGF)<br><u>നഗര വികസനം</u><br>4. ജവഹർലാൽ നെഹ്രു ദേശീയ നഗര നവീകരണ ദൗത്യം |

| | | |
|---|---|---|
| | | (JNNURM)<br>5. രാജീവ് ആവാസ് യോജന (RAY)<br>6. സംയോജിത പാർപ്പിട ചേരിവികസന പരിപാടി (IHSDP)<br>7. നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP)<br><u>വ്യവസായവും അടിസ്ഥാന സൗകര്യ വികസനവും.</u><br>8. കയറ്റുമതിക്കുള്ള പശ്ചാത്തല വികസനത്തിനായി സംസ്ഥാനത്തിന് സഹായം<br>9. നാഷണൽ ഇ-ഗവേണൻസ് ആക്ഷൻ പ്ലാൻ (NEGAP)<br>10. നാഷണൽ ഹാന്റ് ലൂം ഡവലപ്പ്മെന്റ് പ്രോഗ്രാം<br>11. നാഷണൽ മിഷൻ ഫോർ ഫുഡ് പ്രോസസിംഗ് |
| സി | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയിൽ ഏത് തരത്തിലുള്ള മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | **<u>കോർ ഓഫ് ദി കോർ:-</u>** ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ തൊണ്ണൂറ് ശതമാനം കേന്ദ്രവും പത്ത് ശതമാനം സംസ്ഥാനവും വഹിക്കേണ്ടതാണ്.<br>**<u>കോർ:-</u>** കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്ര വിഹിതവും നാൽപത് ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് എഴുപത്തിയഞ്ച് ശതമാനം, എൺപത് ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.<br>**<u>ഓപ്ഷണൽ:-</u>** ഈ വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം 50 : 50 എന്ന അനുപാതത്തിലാണ്. |

Sreekumar

**സെക്ഷൻ ഓഫീസർ**